**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - ലൈഫ് ഭവന പദ്ധതി - പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തികരണം - നിർവ്വഹണ ഉദ്യോഗസ്ഥർക്ക് യാത്രാചെലവ് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ(സാധാ) നം.2512/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 26.09.2018**

==========================================================================

**പരാമർശം:** 1) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 31.01.2018 തീയതിയിലെ ലൈഫ്/പി.എം1/511/2018 നമ്പർ കുറിപ്പ്

2) പഞ്ചായത്ത് ഡയറക്ടറുടെ 05.03.2018 തീയതിയിലെ ജെ.2-25053/16 നമ്പർ കുറിപ്പ്

3) നഗരകാര്യ ഡയറക്ടറുടെ 16/03/2018 തീയതിയിലെ ഡി.സി4-19890/2017 നമ്പർ കുറിപ്പ്

4) ഗ്രാമവികസന കമ്മീഷണറുടെ 19.03.2018 തീയതിയിലെ 8977/എച്ച് & ടി 5/2016/ സിആർഡി നമ്പർ കുറിപ്പ്

**ഉത്തരവ്**

ലൈഫ് പദ്ധതി പ്രകാരം സംസ്ഥാനത്തെ പൂർത്തീകരിയ്ക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം കൈവരിക്കുന്നതിന്റെ ഭാഗമായി ഓരോ ഗുണഭോക്താവിന്റെയും ഭവനങ്ങൾ സന്ദർശിച്ച് ഭവന പൂർത്തികരണ പുരോഗതി വിലയിരുത്തുന്നതിനായി ലൈഫ് പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക്, വകുപ്പുകളുടെ ഫണ്ടിൽനിന്നോ തുക അനുവദിക്കാൻ അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

2. ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ഓരോ ഗുണഭോക്താവിന്റെയും ഭവനങ്ങൾ സന്ദർശിച്ച് പുരോഗതി വിലയിരുത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും യാത്രാചെലവ് അനുവദിച്ച് നൽകാവുന്നതാണെന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടറും പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിൽ തനത് ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തുക അതാത് ബ്ലോക്ക് പഞ്ചായത്തുകളുടെ തീരുമാന പ്രകാരം ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും മാറി നൽകുന്നതിന് തടസ്സമില്ലായെന്ന് പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണറും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തികരണത്തിനായി ഓരോ ഗുണഭോക്താവിന്റെയും ഭവനങ്ങൾ സന്ദർശിച്ച് പുരോഗതി വിലയിരുത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക്, താഴെപ്പറയുന്ന പരിധിക്കുവിധേയമായി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ

ന്നും യാത്രാചെലവ് അനുവദിച്ച നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | വീടുകളുടെ എണ്ണം | അനുവദിക്കാവുന്ന വാഹന വാടക |
|---|---|---|
| 1 | 1 മുതൽ 50 വരെ വീടുകൾ | 1500/- രൂപ |
| 2 | 51 മുതൽ 100 വരെ വീടുകൾ | 3000/- രൂപ |
| 3 | 101 മുതൽ 150 വരെ വീടുകൾ | 4500/- രൂപ |
| 4 | 151 മുതൽ200 വരെ വീടുകൾ | 6000/- രൂപ |
| 5 | 201 ന് മുകളിൽ വീടുകൾ | .7500/- രൂപ |

വാഹന വാടക അനുവദിക്കുമ്പോൾ ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

1. ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത് . ഇതിൽ
2. അനുവദനീയ തുക നൽകാവുന്നതാണ്. Trip Sheet തയ്യാറാക്കുന്നതിന് നിലവിലുള്ള മാനദണ്ഡം (Rate per KM)പാലിക്കേണ്ടതാണ്.
3. പഞ്ചായത്ത്/നഗരസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽവാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്.
4. വാഹനം വാടകയ്ക്ക് എടുത്ത സാഹചര്യങ്ങളിൽ സാധൂകരണം ലഭ്യമാക്കിയാൽ മതിയാകുന്നതാണ്.
5. മുൻകാല പ്രാബല്യം ഇതിലേയ്ക്കായി അനുവദിക്കാവുന്നതാണ്.
6. പരമാവധി 6 മാസത്തേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽചീഫ് സെക്രട്ടറിയുടെ പിഎ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ യ്ക്ക്